**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2911** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വകുപ്പിന്റെ ബില്ലുകൾ ട്രഷറി ക്യൂവിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ചാലും തുക ലഭിക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമവും , വികസനവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് അനുവദിക്കുന്ന തുക ധനവ്യയ നിയന്ത്രണ പരിധിയിൽ നിന്നും **Ways and means clearance** ൽ നിന്നും ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കുന്ന വിധം ട്രഷറി ക്യൂവിൽ നിന്നും ഇത്തരം ബില്ലുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമവും , വികസനവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് അനുവദിക്കുന്ന തുക ധനവ്യയ നിയന്ത്രണ പരിധിയിൽ നിന്നും **Ways and means clearance** ൽ നിന്നും ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | വാഹന വാടക ട്രഷറിയിൽ നിന്ന് മാറി ലഭിക്കാത്തതിനാൽ വിദ്യാവാഹിനി പദ്ധതിയിൽ ഉൾപ്പെട്ട വാഹനങ്ങൾ ഓട്ടം നിർത്തിയതും ഇതുമൂലം ആദിവാസി ഊരുകളിൽ നിന്ന് കുട്ടികൾക്ക് സ്കൂളുകളിൽ എത്തുവാൻ കഴിയാത്ത സാഹചര്യവും ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വിദ്യാവാഹിനി പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് തുക അനുവദിക്കുന്ന ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നുള്ള ബില്ലുകളെ ട്രഷറി ക്യൂവിൽ നിന്ന് ഒഴിവാക്കുന്നതിനും, പെന്റിംഗ് ഡോക്കറ്റുകൾ ക്ലിയർ ചെയ്യുന്നതിനും ഡോക്കറ്റുകൾക്ക് മുൻഗണന നൽകി പാസ്സാക്കി നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ